കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മീഞ്ച ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി5/635/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 29/07/2022
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മീഞ്ച ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മീഞ്ച ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മീഞ്ച ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി5/635/22 തീയ്യതി: 29/07/2022

## കാസർഗോഡ് ജില്ലയിലെ മീഞ്ച ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ മീഞ്ച ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അനിൽ കുമാർ.പി. | ഡെപ്യൂട്ടി ഡയരക്ടർ | 23-06-2022 | 25-06-2022 |
| ശ്രീ. ഗോപാലകൃഷ്ണ നായ്ക് പി. | ഡെപ്യൂട്ടി ഡയറക്ടർ ഇൻ-ചാർജ്ജ് | 26-06-2022 | 30-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-06-2022 | 30-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഷംഷാദ് ഷുക്കർ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി | 12-11-2020 | 29-12-2020 |
| സുന്ദരി ആർ ഷെട്ടി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ഷാനവാസ്.ഇ | സെക്രട്ടറി | 01-04-2020 | 31-03-2021 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ജോയി തോമസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 03-08-2020 |
| അബ്ദുള്ള .എസ് | അസിസ്റ്റന്റ് സെക്രട്ടറി (ഇൻ.ചാർജ്ജ്) | 04-08-2020 | 24-08-2020 |
| എസ്.പരമേശ്വരൻ നമ്പൂതിരി | അസിസ്റ്റന്റ് സെക്രട്ടറി | 25-08-2020 | 31-03-2021 |
| തിമ്മ കുഡിയ.ഒ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| സജു.ഒ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ആശ.എം.പി | ഐ.സി.ഡി.എസ് | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |
| സത്യനാരായണ ശർമ.പി | പ്രധാനാധ്യാപകൻ | 01-04-2020 | 31-03-2021 |
| ഡോ.മഞ്ജു.എസ് | വെറ്റിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ഡോ.പ്രഭാകർ റൈ.എം | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2020 | 31-03-2021 |
| ഡോ.രാജാരാമ.ഡി.കെ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ഡോ.നമിത.എസ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 31-03-2021 |
| അനിൽ കുമാർ എ.ജി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| പ്രസൂൺ എസ്.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മീഞ്ച സർക്കിൾ) | 01-04-2020 | 31-03-2021 |
| പ്രസൂൺ എസ്.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കടമ്പാർ സർക്കിൾ) | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayananda. H (Audit Officer, On 29-06-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 22-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ.<br>Written By: Jayananda. H (Audit Officer, On 16-07-2022)<br>Last Updated By: Jayananda. H (Audit Officer, On 16-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികക്കൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി സമർപ്പിച്ചില്ല.<br>Written By: Jayananda. H (Audit Officer, On 16-07-2022)<br>Last Updated By: Jayananda. H (Audit Officer, On 16-07-2022) | 1-2-1 |
| 4 | ജോയിന്റ് വെഞ്ചർ അക്കൗണ്ട് നീക്കിയിരിപ്പ് തുക അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Jayananda. H (Audit Officer, On 16-07-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 22-07-2022) | 1-2-2 |
| 5 | ലൈബ്രറി സെസ്സ് ഇനത്തിലെ നീക്കിയിരിപ്പിൽ വ്യത്യാസം<br>Written By: Jayananda. H (Audit Officer, On 21-07-2022)<br>Last Updated By: Jayananda. H (Audit Officer, On 21-07-2022) | 1-2-3 |
| 6 | സാംഖ്യ-ILGMS പോർട്ടിംഗ്<br>Written By: Jayananda. H (Audit Officer, On 18-07-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 22-07-2022) | 1-2-4 |
| 7 | സാമ്പത്തിക വിശകലനം<br>Written By: Jayananda. H (Audit Officer, On 29-06-2022)<br>Last Updated By: Jayananda. H (Audit Officer, On 29-06-2022) | 1-3 |
| 8 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം<br>Written By: Jayananda. H (Audit Officer, On 29-06-2022)<br>Last Updated By: Jayananda. H (Audit Officer, On 25-07-2022) | 1-4 |
| 9 | പദ്ധതി അവലോകനം<br>Written By: Jayananda. H (Audit Officer, On 29-06-2022)<br>Last Updated By: Jayananda. H (Audit Officer, On 29-06-2022) | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി<br>Written By: Babu M (Senior Grade Auditor, On 29-06-2022)<br>Last Updated By: Babu M (Senior Grade Auditor, On 29-06-2022) | 1-6 |
| 11 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം<br>Written By: Janardanan C (Senior Grade Auditor, On 29-06-2022)<br>Last Updated By: Janardanan C (Senior Grade Auditor, On 29-06-2022) | 1-7 |
| 12 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Janardanan C (Senior Grade Auditor, On 29-06-2022)<br>Last Updated By: Jayananda. H (Audit Officer, On 29-06-2022) | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം<br>Written By: Jayananda. H (Audit Officer, On 15-07-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 15-07-2022) | 1-9 |
| 14 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: Janardanan C (Senior Grade Auditor, On 05-07-2022)<br>Last Updated By: Jayananda. H (Audit Officer, On 15-07-2022) | 1-10 |
| 15 | പഞ്ചായത്തു പരിധിയിലെ റേഷൻ കടകൾ FTE&OS ലൈസൻസ് എടുക്കുന്നില്ല<br>Written By: Janardanan C (Senior Grade Auditor, On 05-07-2022)<br>Last Updated By: Jayananda. H (Audit Officer, On 15-07-2022) | 1-11 |
| 16 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Janardanan C (Senior Grade Auditor, On 05-07-2022)<br>Last Updated By: Janardanan C (Senior Grade Auditor, On 05-07-2022) | 1-12 |
| 17 | ലൈസൻസ് - വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.<br>Written By: Janardanan C (Senior Grade Auditor, On 05-07-2022)<br>Last Updated By: Jayananda. H (Audit Officer, On 15-07-2022) | 1-13 |
| 18 | വീട് വാസയോഗ്യമാക്കൽ-പൂർത്തീകരിക്കാത്ത ഭവനങ്ങൾ -നിർവഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ<br>Written By: Yadavakumara. C.H (Asst. Audit Officer, On 01-07-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 22-07-2022) | 1-14 |
| 19 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്-സംയുക്തമായി പരിശോധന നടത്തിയിട്ടില്ല.<br>Written By: Yadavakumara. C.H (Asst. Audit Officer, On 01-07-2022)<br>Last Updated By: Yadavakumara. C.H (Asst. Audit Officer, On 01-07-2022) | 1-15 |
| 20 | ഐ കെ എം ന് പഞ്ചായത്ത് വിഹിതം നൽകൽ- നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറി<br>Written By: Yadavakumara. C.H (Asst. Audit Officer, On 01-07-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 22-07-2022) | 1-16 |
| 21 | ലൈഫ് ഭവന പദ്ധതി-പൂർത്തീകരിക്കാത്ത ഭവനങ്ങൾ -നിർവഹണ ഉദ്യോഗസ്ഥൻ - വില്ലേജ് | 1-17 |

| | | |
|---|---|---|
| | എക്സ്റ്റൻഷൻ ഓഫീസർ<br>Written By: Yadavakumara. C.H (Asst. Audit Officer, On 01-07-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 22-07-2022) | |
| 22 | പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കൃത്യമായ മോണിറ്ററിങ്ങ് നടത്തുന്നില്ല.നിർവഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ<br>Written By: Yadavakumara. C.H (Asst. Audit Officer, On 01-07-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 22-07-2022) | 1-18 |
| 23 | 2012 ലെ ഷെഡ്യൂൾ ഓഫ് റേറ്റ് ( Govt. Of Kerala) പ്രകാരം, എസ്റ്റിമേറ്റ് തയ്യാറാക്കിയ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക്, 12% GST വിഹിതം അനുവദിച്ചത് അംഗീകരിക്കാവുന്നതല്ല – അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്<br>Written By: Gopalakrishna Nayik (Audit Officer, On 09-07-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 22-07-2022) | 1-19 |
| 24 | വെറ്ററിനറി സർജൻ-നിർവഹണ ഉദ്യോഗസ്ഥൻ-പദ്ധതി നടത്തിപ്പിലെ അപാകത<br>Written By: Yadavakumara. C.H (Asst. Audit Officer, On 01-07-2022)<br>Last Updated By: M.N.Radhakrishnan (Senior Deputy Director, On 27-07-2022) | 1-20 |
| 25 | പട്ടികജാതി വാദ്യാർത്ഥികൾക്ക് ഫർണീച്ചർ- വിതരണത്തിലെ അപാകതകൾ -നിർവ്വഹണം അസി. സെക്രട്ടറി<br>Written By: Yadavakumara. C.H (Asst. Audit Officer, On 01-07-2022)<br>Last Updated By: Jayananda. H (Audit Officer, On 25-07-2022) | 1-21 |
| 26 | ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Janardanan C (Senior Grade Auditor, On 05-07-2022)<br>Last Updated By: Janardanan C (Senior Grade Auditor, On 05-07-2022) | 1-22 |
| 27 | വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.<br>Written By: Jayananda. H (Audit Officer, On 09-07-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 22-07-2022) | 1-23 |
| 28 | നെൽകൃഷി കൂലിച്ചെലവ് പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Babu M (Senior Grade Auditor, On 09-07-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 22-07-2022) | 1-24 |
| 29 | പദ്ധതി ചെലവുകൾ സംബന്ധിച്ച യു.ടി ആർ .സ്റ്റേറ്റ്മെന്റുകൾ ഫയലിൽ സൂക്ഷിക്കുന്നില്ല.<br>Written By: Babu M (Senior Grade Auditor, On 09-07-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 22-07-2022) | 1-25 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | 2012 ലെ ഷെഡ്യൂൾ ഓഫ് റേറ്റ് ( Govt. Of Kerala) പ്രകാരം, എസ്റ്റിമേറ്റ് തയ്യാറാക്കിയ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക്, 12% GST വിഹിതം അനുവദിച്ചത് അംഗീകരിക്കാവുന്നതല്ല – അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്<br>Written By: Gopalakrishna Nayik (Audit Officer, On 09-07-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 22-07-2022) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവിരം<br>Written By: Jayananda. H (Audit Officer, On 28-06-2022)<br>Last Updated By: Jayananda. H (Audit Officer, On 28-06-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayananda. H (Audit Officer, On 28-06-2022)<br>Last Updated By: Gopalakrishna Nayik (Audit Officer, On 22-07-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം<br>Written By: Jayananda. H (Audit Officer, On 28-06-2022)<br>Last Updated By: Jayananda. H (Audit Officer, On 28-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Jayananda. H (Audit Officer, On 28-06-2022)<br>Last Updated By: Jayananda. H (Audit Officer, On 28-06-2022) | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ്<br>Written By: Jayananda. H (Audit Officer, On 28-06-2022)<br>Last Updated By: Jayananda. H (Audit Officer, On 25-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Jayananda. H (Audit Officer, On 30-06-2022)<br>Last Updated By: Jayananda. H (Audit Officer, On 25-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jayananda. H (Audit Officer, On 28-06-2022)<br>Last Updated By: Jayananda. H (Audit Officer, On 28-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Jayananda. H (Audit Officer, On 30-06-2022)<br>Last Updated By: Jayananda. H (Audit Officer, On 30-06-2022) | 4-8 |

| | | |
|---|---|---|
| 9 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Jayananda. H (Audit Officer, On 28-06-2022)<br>Last Updated By: Jayananda. H (Audit Officer, On 28-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayananda. H (Audit Officer, On 28-06-2022)<br>Last Updated By: Jayananda. H (Audit Officer, On 15-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jayananda. H (Audit Officer, On 28-06-2022)<br>Last Updated By: Priyesh M.K (Computer Assistant, On 28-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | 31.03.2021 ലെ ബാലൻസ് ഷീറ്റ് | |
| 4 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | 1/20തീയതി 31-03-2020 | 3/2021തീയതി 24-02-02021 |
| മുന്നിരിപ്പ് | 1,12,79,769 | 1,76,10,820 |
| വരവ് | 12,45,77,500 | 15,75,39,729 |
| ആകെ | 13,58,57,269 | 17,51,50,549 |
| ചെലവ് | 13,49,38,136 | 17,37,30,453 |
| നീക്കിയിരിപ്പ് | 9,19,133 | 14,20,096 |

### 1-2 വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ.

മീഞ്ച ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി. വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 വാർഷിക ധനകാര്യ പത്രികക്കൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി സമർപ്പിച്ചില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുകയോ അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ ഉൾകൊള്ളിക്കുകയോ ചെയ്തിട്ടില്ല.

### 1-2-2 ജോയിന്റ് വെഞ്ചർ അക്കൗണ്ട് നീക്കിയിരിപ്പ് തുക അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല.

| കോഡ് | ഇനം | ബി-4 പ്രകാരം നീക്കിയിരിപ്പ് തുക |
|---|---|---|
| 320700105 | ജില്ലാ പഞ്ചായത്ത് വിഹിതം | 4,67,872 |
| 320700204 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 5,50,584 |
| | ആകെ | 10,18,456 |

ബി-17 പ്രകാരം ജോയിന്റ് വെഞ്ചർ അക്കൗണ്ടിലെ (799011400002087) നീക്കിയിരിപ്പ് തുക 10,00,000/- രൂപയാണ്. ഇത് മേൽ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

### 1-2-3 ലൈബ്രറി സെസ്സ് ഇനത്തിലെ നീക്കിയിരിപ്പിൽ വ്യത്യാസം

ലൈബ്രറി സെസ്സ് ഇനത്തിലെ നീക്കിയിരിപ്പിൽ ചുവടെ പറയും പ്രകാരം വ്യത്യാസമുണ്ട്.

| 2019-20 B 9 പ്രകാരം ഒടുക്കാൻ ബാക്കിയുള്ള തുക (1) | 2020-21 RP 35 പ്രകാരം ലഭിച്ച തുക (2) | 2020-21 RP 35 പ്രകാരം ഒടുക്കിയ തുക (3) | 2020-21 B 9 പ്രകാരം ഒടുക്കാൻ ബാക്കിയുള്ള തുക | ഒടുക്കാൻ ബാക്കി വരേണ്ടിയിരുന്ന തുക (1)+(2)-(3) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 83384.45 | 152168 | 83384.45 | 156417 | 152168 |

1-2-4 സാംഖ്യ-ILGMS പോർട്ടിംഗ്

A) മീഞ്ച ഗ്രാമപഞ്ചായത്തിന്റെ കണക്കുകൾ ILGMS അക്കൗണ്ടിംഗ് സിസ്റ്റത്തിലേക്ക് മാറ്റിയത് 20/09/2020മുതലാണ്. 01/04/2020മുതൽ 20/09/2020 വരെയുള്ള കണക്കുകൾ സാംഖ്യയിൽ തയ്യാറാക്കിയത് Past Data Entry ( PDE ) വഴി 20/09/2020 ൽ ILGMS ലേക്ക് ഇന്റഗ്രേറ്റ് ചെയ്ത് 01.04.2020 മുതൽ 31.03.2021 വരെയുള്ള സാമ്പത്തിക വർഷത്തെ വരവ്-ചെലവുകൾ ഉൾകൊള്ളുന്ന വാർഷിക ധനകാര്യപത്രിക തയ്യാറാക്കിയിട്ടുണ്ട്. ഈ വാർഷിക ധനകാര്യപത്രികയിൽ 31.03.2020 ലെ ബാലൻസ് ഷീറ്റിലെ ബാലൻസ് തുകകൾ 01.04.2020 ലെ ILGMS ഓപ്പണിംഗ് ബാലൻസിലേക്ക് കൊണ്ടുവന്നപ്പോൾ ചില ഹെഡ് ഓഫ് അക്കൗണ്ടുകൾ കൂട്ടിച്ചേർക്കപ്പെടുകയും, ചില ഹെഡ് ഓഫ് അക്കൗണ്ടുകൾ വിഭജിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം കൂട്ടിച്ചേർക്കപ്പെടുകയും, വിഭജിക്കപ്പെടുകയും ചെയ്ത അക്കൗണ്ട് ഹെഡുകളിലെ ആകെ തുകയും, സാംഖ്യവഴി മുൻ ബാലൻസ് ഷീറ്റിൽ ഉണ്ടായിരുന്ന ബാലൻസ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നുണ്ട്.

B. സൂചിക, സേവന സിവിൽ രജിസ്ട്രേഷൻ ( Birth & Death And Marriage Registration ), സാംഖ്യ ( ലോക്കൽ) എന്നീ ആപ്ലിക്കേഷനുകൾ മാത്രമേ ILGMS മായി ലിങ്ക് ചെയ്തിട്ടുള്ളൂ. ബാക്കി പ്രധാന ആപ്ലിക്കേഷനുകളായ സുലേഖ, സാംഖ്യ ( വെബ്), സഞ്ചയ എന്നിവ ലിങ്ക് ചെയ്തിട്ടില്ല. ആയതിനാൽ ഗ്രാന്റ് ഇൻ എയ്ഡ് ചെലവുകളും, പ്രൊജക്ട് ചെലവുകളും ILGMS ൽ Real Time Mapping നടക്കുന്നില്ല. പ്രൊജക്ട് ചെലവുകളുടെ ഫയലുകളും, ILGMS വഴി പരിശോധിക്കാൻ സാധിക്കുന്നില്ല. E-Bill Generation ILGMS-ൽ പ്രാവർത്തികമായിട്ടില്ല.

C. സാംഖ്യയിൽ നിന്ന് ലഭ്യമായിരുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ചെക്ക് ഇഷ്യൂ രജിസ്റ്റർ, പേമെന്റ് വൗച്ചർ ലിസ്റ്റ് എന്നിവ ഇപ്പോൾ ILGMS-ൽ നിന്ന് ലഭിക്കുന്നില്ല. കൂടാതെ വൗച്ചർ സെർച്ചിംഗ്, വൗച്ചർ ട്രേസിംഗ് എന്നിവ നടത്തുന്നതിനും സഹായകരമായ രീതിയിൽ ബിൽ രജിസ്റ്റർ ILGMS ൽ ചേർക്കേണ്ടതുണ്ട്. നിലവിൽ ഫയൽ നമ്പർ അടിസ്ഥാനത്തിൽ മാത്രമേ വൗച്ചർ സെർച്ച് ചെയ്യാൻ സാധിക്കുകയുള്ളൂ. ആയതിനാൽ വൗച്ചറുകളുടെ തുടർച്ച പരിശോധനവിധേയമാക്കാൻ പ്രയാസം അനുഭവപ്പെടുന്നുണ്ട്. ഉദാഹരണത്തിന് 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് വരെയുള്ള വൗച്ചറുകളുടെ തുടർച്ചയായ പരിശോധന സാധ്യമാകുന്ന തരത്തിൽ ഒരു ബിൽ രജിസ്റ്ററോ, പേയ് മെന്റ് വൗച്ചർ ലിസ്റ്റോ ഇപ്പോൾ ILGMSൽ ലഭ്യമല്ല.

D. അഡ്വാൻസ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ ILGM-ൽ ഓഡിറ്റ് പിരീഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

E. തൊഴിൽ നികുതി, വാടക , ലൈസൻസ് എന്നിവയുടെ ഡിമാന്റ് ഇപ്പോഴും മാന്വൽ രജിസ്റ്റർ പ്രകാരം തന്നെയാണ് തയ്യാറാക്കുന്നത്. ILGMSൽ ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ ചേർത്താൽ മാത്രമേ എല്ലാ വരവിനങ്ങളുടെയും കൃത്യമായ ഡിമാന്റ് കളക്ഷൻ- ബാലൻസ് സ്റ്റേറ്റ് മെന്റ് പരിശോധിക്കാനാവൂ. സഞ്ചയ ആപ്ലിക്കേഷനിൽ ഡിമാന്റിലുള്ള വ്യത്യാസം ഡാറ്റാ പ്യൂരിഫിക്കേഷൻ വഴി ക്രമീകരിക്കുന്ന പ്രക്രിയ ഇപ്പോഴും പൂർത്തീകരിക്കപ്പെട്ടിട്ടില്ല.

F. അസറ്റ് രജിസ്റ്റർ സംബന്ധിച്ച് കൃത്യത ഉറപ്പുവരുത്തിയിട്ടില്ല. എല്ലാ അസറ്റുകളും ഉൾപ്പെടുത്തി അസറ്റ് രജിസ്റ്റർ കാലികമാക്കിയാൽ മാത്രമേ വാർഷികധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റിലെ B-11 (A) ഷെഡ്യൂൾ പ്രകാരം ചേർത്തിരിക്കുന്ന Accumulated Depreciation എന്ന ഹെഡ് ഓഫ് അക്കൗണ്ടിലെ തുകകളുടെ കൃത്യത ഉറപ്പുവരുത്തുവാൻ സാധിക്കൂ.

G. ILGMS നിലവിൽ വന്ന തീയതി മുതൽ പഞ്ചായത്തിന്റെ ഭരണ- എസ്റ്റാബ്ലിഷ് മെന്റ് - പ്രവർത്തനച്ചെലവുകളും എല്ലാ ചെലവുകളും " Amount Payble To Other Creditors" എന്ന ഹെഡ് ഓഫ് അക്കൗണ്ടിലേക്കാണ് (350 109 999) പോസ്റ്റ് ചെയ്യപ്പെടുന്നത്. ആയതിനാൽ അതിനുശേഷമുള്ള തൻവർഷ റവന്യൂ ചെലവുകൾ ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ മാത്രമേ പ്രതിഫലിക്കുകയുള്ളൂ. 01.04.2020 മുതൽ ILGMS നിലവിൽ വന്ന തീയതിവരെയുള്ള ചെലവുകളാണ് റസീപ്റ്റ് & പേമെന്റ് ഷെഡ്യൂളുകളിൽ പ്രതിഫലിക്കുന്നത്.

H. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യാഗസ്ഥരുടെ സീറ്റ് - റോൾ - മൈനർ മാപ്പിംഗ് ഐ.എൽ.ജി.എം.എസിൽ നടത്തിയിട്ടില്ല.

I. സാംഖ്യയിലേയും ഐ എൽ ജി എം എസ്-ലേയും RP ഷെഡ്യൂളുകളിൽ വ്യത്യാസം കാണുന്നു.

| Schedule | Sankhya | ILGMS |
|---|---|---|
| Grants, Funds & Contributions For Specific Purposes | RP- 31 | RP- 30 |
| Secured Loans | RP- 31 | RP- 32 |

| | | |
|---|---|---|
| Deposits Received | RP- 34 | RP- 33 |
| Other Liabilities | RP- 36 | RP- 35 |
| Sundry Debtors (Receivables) | RP- 43 | RP- 45 |
| Establishment Expenses | RP- 11 | RP- 12 |
| Administrative Expenses | RP- 12 | RP- 13 |
| Operations & Maintenance | RP- 13 | RP- 14 |
| Loans, Advances & Deposits | RP- 47 | RP- 49 |
| Capital Work In Progress | RP-40 | RP-39 |

J. സാംഖ്യയിൽ ഉൾപ്പെട്ട ആസ്തികൾ ILGMS ലേയ്ക്ക് പോർട്ട് ചെയ്തപ്പോൾ ഉല്പാദനം, സേവനം, പശ്ചാത്തലം, മറ്റ് ആസ്തികൾ എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. ആസ്തികൾ തരംതിരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

K. B-9ഷെഡ്യൂളിൽ ഉൾപ്പെടേണ്ടിയിരുന്ന മറ്റ് ലൈബിലിറ്റികൾ എന്ന ഇനം B-4ഷെഡ്യൂളിൽ 320100999 എന്ന ഹെഡിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2020-21 |
|---|---|
| മുന്നിരിപ്പ് | 3,44,23,717.91 |
| വരവ് | 6,63,14,091.50 |
| ആകെ | 10,07,37,809.41 |
| ചെലവ് | 6,44,88,891 |
| നീക്കിയിരിപ്പ് | 3,62,48,918.41 |

## 1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2020-21)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,49,25,375 | 1,49,25,375 | 1,38,29,899 | 10,95,476 | 92.66 |
| വികസനഫണ്ട് എസ്.സി.പി. | 0 | 32,69,000 | 32,69,000 | 24,64,196 | 8,04,804 | 75.38 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 0 | 8,41,000 | 8,41,000 | 4,40,906 | 4,00,094 | 52.42 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 49,91,000 | 49,91,000 | 49,35,469 | 55,531 | 98.88 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 42,08,000 | 42,08,000 | 39,39,037 | 2,68,963 | 93.60 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(untied) | 0 | 1,20,89,022 | 1,20,89,022 | 1,09,17,705 | 11,71,317 | 90.31 |
| ധനകാര്യ കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ് | 0 | 58,20,000 | 58,20,000 | 14,60,344 | 43,59,656 | 25.09 |

1) വികസനഫണ്ട്-ജനറൽ സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 25,15,043 രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇത് കൂടാതെ 4 ബില്ലുകളിലായി 9,26,902രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്.

2) വികസനഫണ്ട്-എസ്.സി.പി സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 58,667/ രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇത് കൂടാതെ 1 ബിൽ 3,20,000 രൂപയുടെ ക്യൂ ബിൽ ആയിട്ടുണ്ട്.

3) വികസനഫണ്ട്-ടി.എസ്.പി-പട്ടികയിലെ ചെലവു തുക കൂടാതെ 2 ബില്ലുകളിലായി 1,55,810രൂപയുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട്.
4)സംരക്ഷണഗ്രാന്റ് നോൺറോഡ് സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 42,562/ രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇത് കൂടാതെ 5 ബില്ലുകളിലായി 7,12,097 രൂപയുടെ ക്യൂ ബിൽ ആയിട്ടുണ്ട്.

5)ധനകാര്യ കമ്മീഷൻ ഗ്രാന്റ്(untied)-പട്ടികയിലെ ചെലവു തുക കൂടാതെ 19 ബില്ലുകളിലായി 57,52,956രൂപയുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട്.

6)സംരക്ഷണഗ്രാന്റ് റോഡ്-പട്ടികയിലെ ചെലവു തുക കൂടാതെ 17ബില്ലുകളിലായി 32,85,850രൂപയുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട്.

ബി) ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,13,14,856 | 1,13,14,856 | 1,13,14,856 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 24,05,529 | 24,05,529 | 24,05,529 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 4,40,906 | 4,40,906 | 4,40,906 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 49,35,469 | 49,35,469 | 49,35,469 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 38,96,475 | 38,96,475 | 38,96,475 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(untied) | 0 | 1,09,17,705 | 1,09,17,705 | 1,09,17,705 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied) | 0 | 14,60,344 | 14,60,344 | 14,60,344 | |
| ബി ഫണ്ട് | | | | | |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 0 | 6,30,000 | 6,30,000 | 6,30,000 | 0 |
| തൊഴിലുറപ്പ് - 100 ദിന ഇൻസെന്റീവ് | 0 | 1,09,000 | 1,09,000 | 1,09,000 | 0 |
| ടി.എസ്.ബി. ജനറൽ പർപ്പസ് അക്കൗണ്ട് | 56,74,564 | 1,01,08,350 | 1,57,82,914 | 1,47,82,914 | 10,00,000 |
| സംയുക്ത പദ്ധതി (ബ്ലോക്ക് പഞ്ചായത്ത്) | 10,50,584 | 42,27,500 | 52,78,084 | 42,27,500 | 10,50,584 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത്) | 15,73,461 | 34,28,476 | 50,01,937 | 34,28,476 | 15,73,461 |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | |
| തൊഴിലുറപ്പ് പദ്ധതി | 4,23,319 | 2,91,787 | 7,15,106 | 6,38,154 | 76,952 |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 13,97,033 | 8,52,375 | 22,49,408 | 9,45,197 | 13,04,211 |
| സമ്പൂർണ്ണ ശുചിത്വ പദ്ധതി TSC | 10,89,888 | 21,84,564 | 32,74,452 | 8,65,307 | 24,09,145 |
| ഗ്രാന്റ്സ്, ഫണ്ട്സ് & കോൺട്രിബ്യൂഷൻസ് ഫോർ സ്പെസിഫിക് പർപ്പസസ് | 32,89,700 | 6,78,787.50 | 39,68,487.50 | 4,68,100 | 35,00,387.50 |
| നാഷണൽ പ്രോഗ്രം ഫോർ പേർസൻസ് വിത്ത് ഡിസേബിലിറ്റീസ് | 6,20,000 | ഇല്ല | 6,20,000 | ഇല്ല | 6,20,000 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| കേരളോത്സവം | 8560 | 0 | 8560 | 0 | 8560 |
| ജല നിധി | 27,32,676 | 88,603 | 28,21,279 | 0 | 28,21,279 |

കുറിപ്പ് : 1) ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ തൻ വർഷം 1,01,08,350/- രൂപയാണ് വരവ് . പ്രസ്തുത അക്കൗണ്ടിൽ തനത് ഫണ്ട് വരവിനങ്ങളും, മറ്റ് പലവിധ വരവ് ഇനങ്ങളും ഉൾപ്പെടുന്നതിനാൽ , പ്രസ്തുത ടി.എസ്.ബി അക്കൗണ്ടിലെ മൊത്തം വരവ് ചെലവുകൾ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2) തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം, സാധന സാമഗ്രികളുടെ വില എന്നീയിനങ്ങളിൽ 2020-21 വർഷം 1,72,87,966/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ ആയത് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) വിവിധ ക്ഷേമ പെൻഷൻ ഇനങ്ങളിലായി 2020-21 വർഷം 4,45,19,100/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ (DBT) ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 203 | 11,33,25,981 | 164 | 5,46,24,617 | 0 | 39 | 80.78 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമനം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2020-21 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2020-21 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 14 | 31,79,988 | 10 | 27,71,944 | 14.72 |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | 130 | 3,33,83,353 | 98 | 2,20,58,392 | 66.07 |

| | | | | | | |
|---|---|---|---|---|---|---|
| 3 | കൃഷി ഓഫീസർ | 11 | 63,81,374 | 11 | 61,60,459 | 96.53 |
| 4 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(1) | 14 | 5,65,81,401 | 13 | 1,30,10,810 | 22.99 |
| 5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 51,34,357 | 6 | 42,99,843 | 83.74 |
| 6 | വെറ്റിനറി സർജ്ജൻ | 10 | 20,69,577 | 10 | 15,90,840 | 76.86 |
| 7 | മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 1,70,000 | 2 | 1,69,093 | 99.46 |
| 8 | മെഡിക്കൽ ഓഫീസർ അലോപ്പതി | 3 | 10,01,883 | 3 | 8,90,600 | 88.89 |
| 9 | പ്രധാനാധ്യാപകൻ | 4 | 14,20,000 | 3 | 11,59,500 | 81.65 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 5 | 30,52,048 | 4 | 17,63,564 | 57.78 |
| 11 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 2 | 4,30,000 | 2 | 4,28,004 | 99.53 |
| 12 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 5,22,000 | 2 | 3,21,568 | 61.60 |
| 13 | ഡയറി ഫാം ഇൻസ്ട്രക്ടർ | | | | | |
| | ആകെ | 203 | 11,33,25,981 | 164 | 5,46,24,617 | 48.20 |

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 4,23,319 | 2,91,787 | 7,15,106 | 6,38,154 | 76952 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,72,87,966 | 1,72,87,966 | 1,72,87,966 | 0 |
| ആകെ | 423319 | 1,75,79,753 | 1,80,03,072 | 1,79,26,120 | 76,952 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2020-21 വർഷം 456 പദ്ധതികളുൾപ്പെടുന്ന 13,22,81,082 രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 1,72,87,966 രൂപയുടെ 191 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 41155 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 129 കുടുംബങ്ങളുണ്ട്.

1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 14,70,800 | 97 |
| വിധവാപെൻഷൻ | 1,46,70,700 | 1014 |
| വാർദ്ധക്യകാലപെൻഷൻ | 2,27,46,300 | 1561 |
| വികലാംഗപെൻഷൻ | 47,99,800 | 314 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 201500 | 15 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 6,30,000 | 21 |

1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-06-2022 തീയ്യതിയിൽ 3. Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 16,213/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർത്ത പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 1 |
| 3 | ഹെഡ് ക്ലാർക്ക് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 2 |
| 6 | ക്ലാർക്ക് | 3 |
| 7 | ഓഫീസ് അറ്റൻഡന്റ് | 1 |
| 8 | PTS | 1 |

1) ഗ്രാമ പഞ്ചായത്തിന്റെ വരുമാനങ്ങൾ, ചെലവുകൾ, ബാദ്ധ്യതകൾ, ആസ്തികൾ എന്നിവ ഉൾപ്പെടുന്നതും സാമ്പത്തികവർഷത്തെ ധനപരവും പ്രവർത്തനപരവുമായ ലക്ഷ്യങ്ങൾ വ്യക്തമാക്കുന്നതുമായ ബജറ്റ് അവതരിപ്പിക്കുകയും ചെലവുകൾക്ക് ബജറ്ററി നിയന്ത്രണം വരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബജറ്റ് പ്രകാരമുള്ള ചെലവുകളെ വാർഷികപദ്ധതി പ്രകാരമുള്ള ചെലവുകളുമായി സംയോജിപ്പിച്ച് ധനകാര്യ റിപ്പോർട്ടിംഗിൽ സ്ഥാപനതലനിയന്ത്രണം സാധ്യമാക്കിയിട്ടില്ല.

2) ഐ.എൽ.ജി.എം.എസ് സംവിധാനം നിലവിൽ വന്നതിനാൽ ഫയൽ നീക്കങ്ങളിലുള്ള മോണിറ്ററിംഗിലും, സമയബന്ധിതമായി സേവനം നൽകുന്നതിലും പുരോഗതി ഉണ്ടായിട്ടുണ്ട്. സഞ്ചയ പോലുള്ള പോലുള്ള സോഫ്റ്റ് വെയറുകൾ ഐ.എൽ.ജി.എം.എസ് സംവിധാനവുമായി ലിങ്ക് ചെയ്തിട്ടില്ല.

3)ഓഫീസ് മീറ്റിങ്ങ്: ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ച് ചേർക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനാണ്. 2020-21 വർഷം 8 തവണ മാത്രമാണ് ഓഫീസ് മീറ്റിങ്ങുകൾ ചേർന്നിട്ടുള്ളത്. ഓഫീസ് മീറ്റിങ്ങുകൾ കൃത്യമായ ഇടവേളകളിൽ നടത്തി ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ഉണ്ടാവേണ്ടതും ആയത് മോണിട്ടറിങ്ങ് നടത്തേണ്ടതുമാണ്.

4)ഭരണ സംവിധാനം: ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 22 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 13 തവണയും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 10 തവണയും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 12 തവണയും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ്

കമ്മിറ്റി 8 തവണയും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിച്ചിട്ടുണ്ട്.

5)ഓഡിററ് മോണിറ്ററിംഗ് സമിതി മിനിട്സ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയെങ്കിലും തൻവർഷം ഒരു തവണ പോലും യോഗം ചേർന്നിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി 15.09.2020,22-03-2021 എന്നീ തീയതികളിൽ യോഗം ചേർന്നിട്ടുണ്ട്.

6) സമ്പൂർണ്ണവും കുറ്റമറ്റതുമായ ഡിജിറ്റൽ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിൽ പൂർണ്ണതയിൽ എത്താൻ സാധിച്ചിട്ടില്ല.

7) പദ്ധതിപ്രവർത്തനങ്ങളിൽ മോണിറ്ററിംഗിന്റെ അഭാവം ശ്രദ്ധയിൽപ്പെടുകയുണ്ടായി. വിവിധ പദ്ധതികൾക്കായി തുക വിനിയോഗിക്കപെടുന്നുണ്ടെങ്കിലും പദ്ധതികൾ ഫലവത്തായി നടന്നിട്ടുണ്ടോ എന്നത് കൃത്യമായി പരിശോധിക്കപ്പെടുന്നില്ല. മോണിറ്ററിംഗ് സമതികളും നിർവ്വഹണ ഉദ്യോഗസ്ഥരും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. നിക്ഷേപ പ്രവൃത്തികൾക്കായി , കേരള ജല അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ്, തുടങ്ങിയ സ്ഥാപനങ്ങൾക്ക് കൈമാറുന്ന തുകകൾ സമയബന്ധിതമായും, ഫലപ്രദമായും വിനിയോഗിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരും, ഭരണ സമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

8) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ട്രഷറി, ബാങ്ക് അക്കൗണ്ടുകളിലെ വരവ് ചെലവ് തുകകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്.

9)ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. ഇതിൽ കൈമാറിക്കിട്ടിയ എല്ലാ സ്ഥാപനങ്ങളിലെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

10) ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയത്വം പാലിച്ച് കാര്യക്ഷമമായി നിർവ്വഹിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിനും, സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമാക്കി ഗ്രാമ പഞ്ചായത്ത് ആവിഷ്ക്കരിച്ച പദ്ധതികളുടെ നിർവ്വഹണത്തിന്റെയും വിഭവ വിനിയോഗത്തിന്റെയും ഫലപ്രാപ്തി ഉറപ്പാക്കുവാനും, കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കി അപ്രകാരമുള്ള നിയന്ത്രണങ്ങൾ നിരന്തരം അവലോകനം ചെയ്ത് ഉചിതമായി പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കണം.

## 1-10 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204 ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. മീഞ്ച ഗ്രാമ പഞ്ചായത്തിലെ വിവിധ മരാമത്തു പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി 2020-21 വർഷം ഈടാക്കിയിട്ടില്ല. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കരാറുകാരുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

1. മൂസ കലീം
2.മുഹമ്മദ് കെ
3. ഖാലിദ് എ കെ
4. വി പി അബ്ബാസ്
5. വിക്രാന്ത് എ
6. പ്രകാശ് എ
7. നസീർ ഐ
8.മുഹമ്മദ് ഹാനിസ്
9.എം കെ ഇസ്മയിൽ
10.അലികുഞ്ഞി
11.രാധാകൃഷ്ണ
12.മമ്മദ് ആരിഫ്
13.റോണി ഡിസൂസ
14.ഇബ്രാഹിം ബദിയാർ
15.ഇമ്രാൻ എം
16.ഗണേഷ് പ്രസാദ്
17.ജയചന്ദ്ര എ
18.ഗംഗാധർ ഷെട്ടി
19.ലോഹിത് കുമാർ
20.മുഹമ്മദ് സലീൽ
21.ഉസ്മാൻ ഒ
22.ഇസ്മയിൽ തുഫൈൽ
23.സി എച്ച് അബ്ദുൾ റഹിമാൻ

## 1-11 പഞ്ചായത്തു പരിധിയിലെ റേഷൻ കടകൾ FTE&OS ലൈസൻസ് എടുക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 232 പ്രകാരം പഞ്ചായത്തു പരിധിയിലുള്ള ഒരു സ്ഥലവും സെക്രട്ടറി നല്കുന്ന ലൈസൻസ് കൂടാതെ യാതൊരാവശ്യത്തിനും ഉപയോഗിക്കാൻ പാടില്ല.1996 ലെ കേരളാ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും

സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങൾ , ചട്ടം 3, പട്ടിക 1(ക്രമ നം 149) പ്രകാരം റേഷൻ കടകൾ FTE & OS ലൈസൻസ് എടുത്ത ശേഷം മാത്രമേ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കാൻ പാടുള്ളൂ. എന്നാൽ മീഞ്ച പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 6 റേഷൻ കടകൾ നാളിതു വരെയായി ലൈസൻസ് എടുത്തിട്ടില്ല. ലൈസൻസ് എടുക്കാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

മീഞ്ച ഗ്രാമ പഞ്ചായത്ത് പരിധിയിലെ താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1. | വിജയ ബാങ്ക് സുങ്കതകട്ടെ | ഒന്നും രണ്ടും അർദ്ധവർഷം |
| 2. | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് വോർക്കാഡി | ഒന്നും രണ്ടും അർദ്ധവർഷം |
| 3. | സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്ക് മിയാപദവ് | ഒന്നും രണ്ടും അർദ്ധവർഷം |
| 4. | കർണാടക ബാങ്ക് മിയാപദവ് | ഒന്നും രണ്ടും അർദ്ധവർഷം |
| 5. | കേരള ഗ്രാമീണ ബാങ്ക് മിയാപദവ് | ഒന്നും രണ്ടും അർദ്ധവർഷം |
| 6. | മജിബയൽ സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷം |
| 7. | സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷം |
| 8. | സൗത്ത് ഇൻഡ്യൻ ബാങ്ക് കടമ്പാർ | ഒന്നും രണ്ടും അർദ്ധവർഷം |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.04/20-21 തീയതി 29.06.2022)

1-13 ലൈസൻസ് - വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. സാംഖ്യാ അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സാംഖ്യാ അക്കൗണ്ട് പ്രകാരമുള്ള വരവുമായി റിക്കൺസൈൽ ചെയ്യേണ്ടതുമാണ്. ആയത് പാലിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-14 വീട് വാസയോഗ്യമാക്കൽ-പൂർത്തീകരിക്കാത്ത ഭവനങ്ങൾ -നിർവഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന വീട് വാസയോഗ്യമാക്കൽ പദ്ധതിയ്ക്കായി പ്രോജക്ട് നം.39/21 പ്രകാരം 2020-21 ഭവന പുനരുദ്ധാരണത്തിനായി 4,40,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം ചുവടെ ചേർത്ത 2 ഗുണഭോക്താക്കൾ ഭവന പുനരുദ്ധാരണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്. ഭവന പുനരുദ്ധാരണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണം എത്രയും വേഗം പൂർത്തീകരിക്കുവാനും, മൂല്യ നിർണ്ണയ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് തുടർ ഗഡുക്കൾ അനുവദിക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. (യൂണിറ്റ് നിരക്ക് ജനറൽ ₹ 80,000/- ജനറൽ വിഭാഗം )

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | നബീസ ഗാന്ധിനഗർ | 40,000 |
| 2 | സുശീല അംഗഡിപ്പദവ് | 40,000 |

ഭവന പുനരുദ്ധാരണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന മേൽ പരാമർശിച്ച ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണം എത്രയും വേഗം പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, പൂർത്തീകരണ വിവരങ്ങളുടെ വിശദാംശങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതുമാണ്.

1-15 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്-സംയുക്തമായി പരിശോധന നടത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ 2020-21ൽ 1,46,907/-കെ.എസ്.ഇ.ബി യിൽ അടച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി യും ഗ്രാമപഞ്ചായത്തും നാളിതുവരെയായും സംയുക്തമായി പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ എത്രഎണ്ണം ഉണ്ടെന്നും അവയുടെ തരം ഏതൊക്കെ ആണ് എന്നും നിർണ്ണയിച്ചതായി കാണുന്നില്ല-. കത്താത തെരുവ് വിളക്കുകൾക്ക്കൂടി വൈദ്യുതചാർജ് ഒടുക്കേണ്ടി വരുന്ന അവസ്ഥ ഇത് കാരണം പഞ്ചായത്തിൽ നിലനിൽക്കുന്നു. സംയുക്ത പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളത് എന്ന് നിർണയിക്കാനുള്ള നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണ് എന്ന് വിശദീകരിക്കേണ്ടതാണ്. തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടങ്കിലും ആയത് പൂർണ്ണമല്ല. സംയുക്ത പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളത് എന്ന് നിർണയിച്ച് ആയത് രജിസ്റ്ററിൽ രേഖപ്പെടുത്താനുള്ള നടപപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 ഐ കെ എം ന് പഞ്ചായത്ത് വിഹിതം നൽകൽ- നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറി

2020-21 വർഷത്തിൽ പഞ്ചായത്ത് സെക്രട്ടറി പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെക്കൊടുത്തിരിക്കുന്ന തുക പഞ്ചായത്തിന്റെ വിഹിതമായി ഐ.കെ.എം. ന് കൈമാറിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്റ്റ് നം. & പേര് | ബിൽ നം. & തുക | തുക സ്വീകരിച്ച സ്ഥാപനം |
|---|---|---|---|
| 1 | പ്രോ.നം.2/2021 ഐ.കെ.എം. ന് പഞ്ചായത്ത് വിഹിതം. | 2/21 20.4.2020 72,543/- | ഐ.കെ.എം.തിരുവനന്തപുരം AC/57047023512 |

ഇപ്രകാരം കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പഞ്ചായത്തിന് ലഭിച്ചിട്ടില്ല. തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കുന്നതുവരെ 72,543/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-17 ലൈഫ് ഭവന പദ്ധതി-പൂർത്തീകരിക്കാത്ത ഭവനങ്ങൾ -നിർവഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന ലൈഫ് ഭവന പദ്ധതിയ്ക്കായി പ്രോജക്റ്റ് നം. 58എന്നിവ പ്രകാരം 2020-21 വർഷം 61,00000/- രൂപ ചെലവഴിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം ഭവന നിർമ്മാണമാരംഭിച്ച ചുവടെ ചേർത്ത 6 ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുവാനും, നിർമ്മാണം പൂർത്തീകരിച്ചിട്ടും തുടർ ഗഡുക്കൾ നൽകാത്തവർക്ക് പ്രസ്തുത തുക ലഭ്യമാക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. (യൂണിറ്റ് നിരക്ക് ₹4,00,000/- ജനറൽ വിഭാഗം )

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | ബീപാത്തിമ്മ ചിഗുരുപാദെ | 2,40,000 | മേൽക്കൂര |
| 2 | സൗറ കോടിജാൽ | 2,00000 | മേൽക്കൂര |
| 3 | ജമീല ഗുഡ്ഡെക്കേരി | 3,20,000 | മേൽക്കൂര |
| 4 | നഫീസ മീഞ്ച | 3,60,000 | മേൽക്കൂര |
| 5 | പത്മാവതി മീഞ്ച | 3,60,000 | മേൽക്കൂര |
| 6 | സീനത്ത് ബേഗം മീഞ്ച | 3,00000 | മേൽക്കൂര |

ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന മേൽ പരാമർശിച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, പൂർത്തീകരണ വിവരങ്ങളുടെ വിശദാംശങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വറി നം 6 /29.6.2022 )

1-18 പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കൃത്യമായ മോണിറ്ററിങ്ങ് നടത്തുന്നില്ല.നിർവഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

2020-21 വർഷത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1,30,10,810/- രൂപയുടെ വിവിധ പദ്ധതികൾ നിർവ്വഹണം നടത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കൃത്യമായ മോണിറ്ററിങ്ങ് നടത്തിയത് സംബന്ധിച്ച രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് (2018-19 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

ഗുണഭോക്താകളുടെ അപേക്ഷകളിൽ ഭരണ സമിതി തീരുമാനങ്ങൾ , പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ (വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, എന്നിവരുടെ സാക്ഷ്യപ്പെടുത്തൽ സഹിതം) ഫയലുകളിൽ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-19 2012 ലെ ഷെഡ്യൂൾ ഓഫ് റേറ്റ് ( Govt. Of Kerala) പ്രകാരം, എസ്റ്റിമേറ്റ് തയ്യാറാക്കിയ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക്, 12% GST വിഹിതം അനുവദിച്ചത് അംഗീകരിക്കാവുന്നതല്ല – അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്

മീഞ്ച ഗ്രാമ പഞ്ചായത്ത് 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ വൈദ്യുതീകരണ പ്രവൃത്തി (കുടുംബശ്രീ വിപണന കേന്ദ്രം കെട്ടിടം) എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് 2012 ലെ ഷെഡ്യൂൾ ഓഫ് റേറ്റ് ( Govt. Of Kerala) പ്രകാരമാണ്. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ, എല്ലാ ഇനങ്ങളുടെയും ചെലവ് തുകയുടെ കൂടെ 12% GST വിഹിതം കൂടി ചേർത്താണ് അടങ്കൽ കണക്കാക്കിയിട്ടുള്ളത്. മേൽ പറഞ്ഞ ഷെഡ്യൂൾ ഓഫ് റേറ്റ് (SOR)പ്രകാരമുള്ള എസ്റ്റിമേറ്റിൽ ഉൾപ്പെട്ട ഇനങ്ങളുടെ നിരക്കിൽ VAT (മൂല്യ വർദ്ധിത നികുതി) ഉൾപ്പെടുന്നുണ്ട്. സർക്കുലർ നം. 18/2019/ധന/01.03.2019 പ്രകാരം എസ്റ്റിമേറ്റിൽ 12% GST ഘടകം ഉൾപ്പെടുത്തുമ്പോൾ, നിരക്കുകളിൽ ഉൾപ്പെടുന്ന VAT/GST ഒഴിവാക്കിയാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടത് എന്ന് വ്യക്തമാക്കുന്നുണ്ട്. ഇപ്രകാരം 2012 ലെ SOR ൽ ഉൾപ്പെട്ട ഇനങ്ങളുടെ VAT ഒഴിവാക്കിയതിന് ശേഷം മാത്രമേ എസ്റ്റിമേറ്റിൽ GST ഘടകമായി 12% തുക അനുവദിക്കുവാൻ പാടുള്ളൂ. എന്നാൽ 2012 ലെ SOR ൽ ഉൾപ്പെട്ട ഇനങ്ങളുടെ VAT ഒഴിവാക്കിയ നിരക്കുകൾ PWD പ്രസിദ്ധപ്പെടുത്തിയിട്ടില്ല. 12% GST ഘടകം അനുവദനീയമല്ലാത്തതിനാൽ, കുടുംബശ്രീ വിപണന കേന്ദ്രം കെട്ടിടം വൈദ്യുതീകരണപ്രവൃത്തിയിൽ 12% ജി.എസ്.ടി ഘടകം അനുവദിച്ചത് വഴി 22,052/-രൂപയും അധികം ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദ വിവരം ഈ റിപ്പോർട്ടിലെ ഖണ്ഡിക 3-1ൽ ചേർക്കുന്നു.

1-20 വെറ്ററിനറി സർജൻ-നിർവഹണ ഉദ്യോഗസ്ഥൻ-പദ്ധതി നടത്തിപ്പിലെ അപാകത

1) 2020-21 വർഷത്തിൽ വെറ്ററിനറി സർജൻ 15,90,840/- രൂപയുടെ വിവിധ പദ്ധതികൾ നിർവ്വഹണം നടത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കൃത്യമായ മോണിറ്ററിങ്ങ് നടത്തിയത് സംബന്ധിച്ച രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് (2018-19 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

ഗുണഭോക്താകളുടെ അപേക്ഷകളിൽ ഭരണ സമിതി തീരുമാനങ്ങൾ , പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുടെ പരിശോധന സാക്ഷ്യപ്പെടുത്തലുകൾ എന്നിവ രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2)പദ്ധതി നം212/21 പശു വവളർത്തൽ പദ്ധതി

| ക്രമ നമ്പർ | പദ്ധതി നം & പദ്ധതിയുടെ പേര് | ബിൽ നം& തിയതി | NEFT മുഖാന്തിരം നൽക്കിയ തുക |
|---|---|---|---|
| 1 | 212/21 പശു വവളർത്തൽ പദ്ധതി | 3/20.03.2021,7 /28.03.2021 | 3,80,000 |

ഗുണഭോക്താക്കളുടെ അപേക്ഷകളിൽ ഭരണ സമിതി തീരുമ്മാനങ്ങൾ രേകപ്പെടുത്തിയിട്ടില്ല. ഉരുക്കളെ കുറഞ്ഞത് 3 വർഷമെങ്കിലും വളർത്തുമെന്ന് കരാർ വയ്ക്കണം. മുദ്രപത്രം ഉണ്ടെങ്കിലും കരാർ ഉടമ്പടി അപൂർണ്ണമാണ്. പശു വവളർത്തൽ പദ്ധതി പ്രകാരം പശുവിനെ Insurance നടത്തിയ രേഖകൾ നിരവധി ഗുണഭോക്താകളുടെ അപേക്ഷകളിൽ

ലഭ്യമാക്കിയിട്ടില്ല. പർച്ചേയ്സ് നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് ഗുണഭോക്താക്കളിൽ നിന്നുള്ള 5പേർ കൂടി ഉൾപ്പെടുന്ന സമിതിയായിരിക്കണം വാങ്ങൽ നടത്തേണ്ടത്. പശു നൽകുന്നവരുടെ വിവരം കൃത്യമായിരിക്കണം. പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയ രേഖകൾ എന്നിവ ഫയലിൽ സൂക്ഷിക്കണം . എന്നാൽ മേൽ പരാമർശിച്ച നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചിട്ടില്ല. അപാകതകൾ പരിഹരിച്ച് രേഖകൾ കൃത്യമാക്കി ഹാജരാക്കുന്നതുവരെ 3,80,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.( ഓഡിറ്റ് എൻക്വയറി നമ്പർ.8 തീയ്യതി :29-06-2022)

1-21 പട്ടികജാതി വാദ്യാർത്ഥികൾക്ക് ഫർണീച്ചർ- വിതരണത്തിലെ അപാകതകൾ -നിർവ്വഹണം അസി. സെക്രട്ടറി

| ക്രമ നമ്പർ | പദ്ധതി നം & പദ്ധതിയുടെ പേര് | ബിൽ നം& തിയതി | NEFT മുഖാന്തിരം നൽകിയ തുക |
|---|---|---|---|
| 1 | 68/2021 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ (137വിദ്യാർത്ഥികൾ) പർച്ചേസ് ഇൻവോയ്സ് നം KSGD20-21/18.03.2021 SIDCO ലിമിറ്റഡ് A/C No. 57053702971 | 302/19.03.2021 | 4,64,968 |
| 2 | 68/2021 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ | 301/19.03.2021 | 2,19,985 |
| | | ആകെ | 6,84,953 |

ഈ പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു

ലഭ്യമാക്കിയ സാധനങ്ങളുടെ ഗുണ നിലവാരം പരിശോധിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. പ്രോജക്ടുകളുടെ നിർവഹണം പോലെ പ്രാധാന്യമുള്ളതാണ് പ്രോജക്ട് വിലയിരുത്തൽ. പ്രോജക്ട് ലക്ഷ്യം കൈവരിച്ചോ എന്ന് വിലയിരുത്തുന്നതിന് വ്യവസ്ഥാപിതമായ മോണിറ്ററിങ്ങ് സംവിധാനം സർക്കാർ നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ട്, മോണിറ്ററിങ്ങിന് വിധേയമായിട്ടില്ല എന്ന് പ്രോജക്ട് ഫയൽ വ്യക്തമാക്കുന്നു. ഈ പദ്ധതിക്കുവേണ്ടിയുള്ള പർച്ചേസ് കമ്മിറ്റി, ലഭ്യമാക്കിയ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിച്ചത് സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. പർച്ചേസുമായി ബന്ധപ്പെട്ട് പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് പരിശോധന ഹാജരാക്കിയില്ല. ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, പട്ടികജാതി വകുപ്പ് എന്നിവയിൽ നിന്നും മേശയും കസേരയും ലഭിച്ചിട്ടില്ലായെന്ന സാക്ഷ്യപത്രം (പട്ടികജാതി വകുപ്പ് ഓഫീസറിൽ നിന്നുള്ളത്) പരിശോധനയ്ക്ക് ഹാജരാക്കിയില്ല . ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്നതാണെന്ന് തെളിയിക്കുന്ന ജാതി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഗുണഭോക്താകളുടെ അപേക്ഷകളിൽ ഭരണ സമിതി തീരുമാനങ്ങൾ, പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരുടെ പരിശോധന റിപ്പോർട്ടുകൾ പട്ടികജാതിവർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, പട്ടികജാതി പ്രൊമോട്ടർ, എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. അപാകതകൾ പരിഹരിച്ച് രേഖകൾ ഹാജരാക്കുന്നതുവരെ 6,84,953 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ( ഓഡിറ്റ് എൻക്വയറി നമ്പർ.10 തീയ്യതി :29-06-2022)

1-22 ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

പ്രൊജക്ട് നം. 0031/21

അംഗൻവാടി പോഷകാഹാരം

മീഞ്ച ഗ്രാമ പഞ്ചായത്തിലെ 24 അംഗൻവാടി സെന്ററുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം കീർത്തി അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ്, കാഞ്ഞിരത്തിങ്കാൽ ,ബേഡഡുക്ക (അക്കൗണ്ട് നം. 6266020100003240) എന്ന സ്ഥാപനത്തിൽ നിന്നും വിവിധ മാസങ്ങളിലായി നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ വാങ്ങിയിട്ടുണ്ട്. 2020-21

സാമ്പത്തിക വർഷത്തിൽ ആകെ 8,805 കി.ഗ്രാം ന്യൂട്രിമിക്സ് വാങ്ങിയതിന് 6,47,167/- രൂപ മേൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 01.02.2010, 05.06.2010 എന്നീ തീയ്യതികളിലെ ഐ.സി.ഡി.എസ്.ബി. 3-312/2010 നമ്പർ കത്തുകൾ പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിലുള്ള പരിശോധനകൾ നടത്തിയിട്ടുള്ളതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനത്തിൽ നിർമ്മിക്കുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 02/29.06.2022)

## 1-23 വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് നൽകിയ താഴെ പറയുന്ന ചെലവുകൾ സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

നിർവ്വഹണം -ഹെഡ്മാസ്റ്റർ ഗവൺമെന്റ് എൽ .പി.സ്കൂൾ

| ക്രമ നം. | ഇനം | തുക കൈപ്പറ്റിയ സ്ഥാപനം | ചെലവ് തുക വൗച്ചർ നം./ ബിൽ നം തീയതി |
|---|---|---|---|
| 1 | പ്രോജക്ട് നം-83/20-21 എസ്.എസ്.എ-പഞ്ചായത്ത് വിഹിതം | ജില്ലാ പ്രോജക്ട് ഓഫീസർ എസ്.എസ്.എ കാസറഗോഡ് | 4,97,679<br>2/20-21/30-11-2020 |
| 2 | പ്രോജക്ട് നം-83/20-21 എസ്.എസ്.എ-പഞ്ചായത്ത് വിഹിതം | ജില്ലാ പ്രോജക്ട് ഓഫീസർ എസ്.എസ്.എ കാസറഗോഡ് | 5,02,321<br>03/20-21 /07-03-2021 |
| 3 | പ്രോജക്ട് നം-119/2021 വിജ്ഞാൻ ജ്യോതി | ഡയറക്ടർ,കേരള സംസ്ഥാന സാക്ഷരതമിഷൻ തിരുവനന്തപുരം | 50,000<br>04/20-21 /05-11-2020 |

വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 10,50,000/- രൂപ തടസ്സത്തിൽ വെക്കുന്നു. (ഓഡിറ്റ് എൻക്വയറി നം. 3തീയ്യതി 29-06-2022)

## 1-24 നെൽകൃഷി കൂലിച്ചെലവ് പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | | | കൃഷി ഓഫീസർ | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ബിൽ നമ്പർ /തിയ്യതി | ചെലവ് തുക | അടങ്കൽ തുക | ഫണ്ട് ഇനം | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് |
| 1 | 23/2020-21 തിയ്യതി. 02.02.2021 | 2,27,970 രൂപ | 6,37,500 രൂപ | ബ്ളോക്ക് പഞ്ചായത്ത് വിഹിതം | 61/ 2020-21 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി നൽകൽ |
| 2 | 24/2020-21 തിയ്യതി. 02.02.2021 | 2,16,580 രൂപ | | | | |
| 3 | 25/2020-21 തിയ്യതി. 02.02.2021 | 1,92,950 രൂപ | | | | |
| 4 | 178/2020-21 തിയ്യതി. 23.12.2020 | 1,92,950 രൂപ | 6,37,500 രൂപ | വികസന ഫണ്ട് ജനറൽ | | |
| 5 | 139/2020-21 തിയ്യതി. 31.10.2020 | 2,16,580 രൂപ | | | | |
| 6 | 129/2020-21 തിയ്യതി. 23.12.2020 | 2,27,970രൂപ | | | | |
| ആകെ | | 12,75,000 രൂപ | 12,75,000 രൂപ | | | |

2020-21വർഷം കൃഷി ഓഫീസർ നടപ്പിലാക്കിയ നെൽ കൃഷി വികസനം പദ്ധതി പ്രകാരം ആകെ 12,75,000രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ രേഖകളുടെ സൂക്ഷിപ്പിലെ അപാകത ചുവടെ ചേർക്കുന്നു.

ജി.ഒ. (എം.എസ്) 22/2018 ത.സ്വ.ഭ.വ. തിയ്യതി 14-02-2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.1.6, അതിനോടൊന്നിച്ചുള്ള കുറിപ്പ് എന്നിവയിൽ പരാമർശിച്ചിട്ടുള്ള ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

(1) സബ്സിഡി മാർഗ്ഗ രേഖയിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം, ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. എന്നാൽ ഇത് സാധൂകരിക്കുന്ന പരിശോധന റിപ്പോർട്ടുകൾ ഗുണഭോക്താക്കളുടെ വ്യക്തിഗത അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. കൂലിച്ചെലവ് നൽകുന്ന സാഹചര്യത്തിൽ കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി , കൃഷിച്ചെലവ്, അനുവദിക്കുന്ന സബ്സിഡി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധന സാക്ഷ്യപത്രം അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

(2) വ്യക്തിഗത അപേക്ഷകളിൽ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി കൃഷി ചെയ്തിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(3) നടീൽ, കൊയ്ത്ത് /വിളവെടുപ്പ് എന്നിവയൊഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് .

1-25 പദ്ധതി ചെലവുകൾ സംബന്ധിച്ച യു.ടി ആർ .സ്റേറ്റ്മെന്റുകൾ ഫയലിൽ സൂക്ഷിക്കുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ :കൃഷി ഓഫീസർ

ഗ്രാമ പഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ 2020-21 വർഷത്തിൽ , പഞ്ചായത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.പദ്ധതി ചെലവുകളുമായി ബന്ധപ്പെട്ട തുകകൾ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ട്രാൻഫർ ചെയ്യുന്ന രീതിയാണ് തുടരുന്നത് . തുക യഥാർത്ഥ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടുകളിലേക്ക് തന്നെയാണ് ട്രാൻഫർ ചെയ്തിരിക്കുന്നതെന്ന് ഉറപ്പ് വരുത്തുന്നതിനായി ബിംസിൽ ( Bill Information Management System ) നിന്നും യു.ടി.ആർ. (Unique Transaction Reference) സ്റ്റേറ്റ്മെൻറ് ഡൗൺലോഡ് ചെയ്ത് ചെലവ് രേഖകളോടൊപ്പം ഫയലിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ ചെലവ് രേഖകളോടൊപ്പം യു.ടി.ആർ. (Unique Transaction Reference) സ്റ്റേറ്റ്മെൻറ് ഡൗൺലോഡ് ചെയ്ത് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | | | കൃഷി ഓഫീസർ | |
|---|---|---|---|---|
| ക്രമ നമ്പർ | പ്രൊജക്ട്/പ്രൊജക്ട് നമ്പർ | ബിൽ നമ്പർ/ തിയ്യതി | ചെലവ് തുക തുക | ഫണ്ട് ഇനം |
| 1 | 65/2020-21 നേന്ത്ര വാഴക്കന്ന് വിതരണം | 220/2020-21/ തിയ്യതി 09.02.2021 | 1,50,000രൂപ | വികസന ഫണ്ട് ജനറൽ |

ചെലവുകൾ സംബന്ധിച്ച കൃത്യത ഉറപ്പ് വരുത്തുന്നതിനായി മുഴുവൻ ഫയലുകളിലും യു.ടി.ആർ. (Unique Transaction Reference) സ്റ്റേറ്റ്മെൻറുകൾ ഉൾപ്പടുത്തി അപാകത പരിഹരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 2012 ലെ ഷെഡ്യൂൾ ഓഫ് റേറ്റ് ( Govt. Of Kerala) പ്രകാരം, എസ്റ്റിമേറ്റ് തയ്യാറാക്കിയ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക്, 12% GST വിഹിതം അനുവദിച്ചത് അംഗീകരിക്കാവുന്നതല്ല – അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്

മീഞ്ച ഗ്രാമ പഞ്ചായത്ത് 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ചുവടെ പരാമർശിക്കുന്ന വൈദ്യുതീകരണ

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് 2012 ലെ ഷെഡ്യൂൾ ഓഫ് റേറ്റ് ( Govt. Of Kerala) പ്രകാരമാണ്. ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ, എല്ലാ ഇനങ്ങളുടെയും ചെലവ് തുകയുടെ കൂടെ 12% GST വിഹിതം കൂടി ചേർത്താണ് അടങ്കൽ കണക്കാക്കിയിട്ടുള്ളത്. മേൽ പറഞ്ഞ ഷെഡ്യൂൾ ഓഫ് റേറ്റ് (SOR)പ്രകാരമുള്ള എസ്റ്റിമേറ്റിൽ ഉൾപ്പെട്ട ഇനങ്ങളുടെ നിരക്കിൽ VAT (മൂല്യ വർദ്ധിത നികുതി) ഉൾപ്പെടുന്നുണ്ട്. സർക്കുലർ നം. 18/2019/ധന/01.03.2019 പ്രകാരം എസ്റ്റിമേറ്റിൽ 12% GST ഘടകം ഉൾപ്പെടുത്തുമ്പോൾ, നിരക്കുകളിൽ ഉൾപ്പെടുന്ന VAT/GST ഒഴിവാക്കിയാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടത് എന്ന് വ്യക്തമാക്കുന്നുണ്ട്. ഇപ്രകാരം 2012 ലെ SOR ൽ ഉൾപ്പെട്ട ഇനങ്ങളുടെ VAT ഒഴിവാക്കിയതിന് ശേഷം മാത്രമേ എസ്റ്റിമേറ്റിൽ GST ഘടകമായി 12% തുക അനുവദിക്കുവാൻ പാടുള്ളൂ. എന്നാൽ 2012 ലെ SOR ൽ ഉൾപ്പെട്ട ഇനങ്ങളുടെ VAT ഒഴിവാക്കിയ നിരക്കുകൾ PWD പ്രസിദ്ധപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈ പ്രവൃത്തികളിൽ 12% GST ഘടകം അനുവദനീയമല്ലാത്തതിനാൽ, ചുവടെ ചേർക്കുന്ന പ്രവൃത്തിയിൽ, ഇപ്രകാരം അധികം നൽകിയ തുക 22,052/ കരാറുകാരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 10തീയ്യതി 29-06-2022)

| ക്രമ നം | പ്രവൃത്തിയുടെ പേര്, പ്രൊജക്റ്റ് നമ്പർ. | എം ബുക്ക് നമ്പർ. | കരാറുകാരന്റെ പേര് | കരാറുകാരന് തുക നൽകിയതിന്റെ വിവരങ്ങൾ | | ട്രഷറി ബിൽ നമ്പർ, തീയതി. | അധികം നൽകിയത് |
|---|---|---|---|---|---|---|---|
| 1 | കുടുംബശ്രീ വിപണന കേന്ദ്രത്തിന്റെ കെട്ടിടം 171/20-21 | 34/ 2019-20 | ജയചന്ദ്രൻ എ | ആകെ അളവുമൂല്യം | 1,83,764/- | BRN20200652017400446563 തീയതി: 19-08-2020 | 22,052/- |
| | | | | (+) 12% GST | 22,052/- | | |
| | | | | (+) എഞ്ചിനീയറിംഗ് ചാർജ് | 6622 | | |
| | | | | (+) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിംഗ് ചാർജ് | 2207 | | |
| | | | | ആകെ | 2,14,645/- | | |
| | | | | (-) ആദായ നികുതി | 1838- | | |
| | | | | (-)നിർമ്മാണ ക്ഷേമ നിധി | 1838/- | | |
| | | | | (-) എഞ്ചിനീയറിംഗ് ചാർജ് | 6622 | | |
| | | | | (-)അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിംഗ് ചാർജ് | 2207 | | |
| | | | | കരാറുകാരൻ നൽകിയ തുക | 2,02,140/ | | |

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവിരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2020-21 | 23-06-2022& 24-06-2022 | അനുബന്ധം 1 ൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട് |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര്&നം | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1,50,000 | 29/20-21മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളഷിപ്പ് | 1,50,000 | 0 |
| | | 18,00,000 | 58/20-21 ലൈഫ് മിഷൻ ഭവനരഹിതർക്ക് വീട് 20-21 | 18,00,000 | 0 |
| | | 6,37,500 | 61/20-21നെൽകൃഷിക്ക് കൂലിച്ചിലവ് | 6,37,500 | |
| | | 2,00,000 | 148/20-21 ക്ഷീര സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 2,00,000 | 0 |
| | | 2,40,000 | 217/20-21 സുഭിക്ഷ കേരളം -തരിശ് ഭൂമി നെൽ കൃഷി | 2,40,000 | 0 |
| | | 11,20,000 | 265/20-21ലൈഫ് മിഷൻ -പട്ടിക ജാതി വിഭാഗം ഭൂരഹിതർക്ക് ഭൂമിയും ഭവനരഹിതർക്ക് വീടും | 11,20,000 | |
| | | 80,000 | 266/20-21 ലൈഫ് മിഷൻ -പട്ടിക വർഗ്ഗ വിഭാഗം ഭൂരഹിതർക്ക് ഭൂമിയും ഭവനരഹിതർക്ക് വീടും | 80,000 | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1,00,000 | 29/20-21മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളഷിപ്പ് | 1,00,000 | 0 |
| | | 15,00,000 | 58/20-21 ലൈഫ് മിഷൻ ഭവനരഹിതർക്ക് വീട് 20-21 | 15,00,000 | 0 |
| | | 1,93,506 | 148/20-21 ക്ഷീര സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 1,93,506 | 0 |
| | | 1,00,000 | 164/20-21 സാന്ത്വന പരിചരണം. | 1,00,000 | 0 |
| | | 1,09,970/- | 177/21 ജല ജീവനം | 1,09,970 | 0 |
| | | 14,25,000 | 265/20-21 ലൈഫ് മിഷൻ -പട്ടിക വർഗ്ഗ വിഭാഗം ഭൂരഹിതർക്ക് ഭൂമിയും ഭവനരഹിതർക്ക് വീടും | 14,25,000 | 0 |

വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി മറ്റുസ്ഥാപനങ്ങളിൽ നിന്നും ലഭിച്ച് വിനിയോഗിക്കുവാൻ അവശേഷിക്കുന്ന തുകകൾ എത്രയും വേഗം വിനിയോഗിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവഴിക്കുവാൻ സാധിക്കാത്ത പക്ഷം പ്രസ്തുത തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതാണ്

### 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

### 4-5 വായ്പാ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| KURDFC ലൈഫ് ഭവന പദ്ധതി | ജി.ഒ(എം.എസ്) നം. 68/2018/ തസ്വഭവ, തിയതി 18.05.2018 | 1,82,35,000 | 1,54,36,176(ഈ വർഷം ലഭിച്ചത് 17,40,000) ആകെ =1,71,76,176 | 15,22,510 | 1,56,53,666 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6,07,338 |
| തൻവർഷം നിക്ഷേപിച്ച തുക(പലിശ) | 47,070 |
| ആകെ | 6,54,408 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 6,54,408 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേർ (ബാങ്ക്/ ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി(Renewel) | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | മിയാപദവ് സർവ്വീസ് സഹകരണ ബാങ്ക് | 03-01-2021 | 03-01-2021 മുതൽ 03-01-2022വരെ | 6,54,408 | - |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-2 | 2016-17 | അധ്യായം-2 അനുബന്ധം-5 | തൊഴിൽ നികുതി പരാമർശങ്ങൾ | മറുപടി ലഭ്യമാക്കിയില്ല,പരാമർശം തുടരുന്നു |

## 4-9 ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക – ഇല്ല
ബി) സർചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക – ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,63,14,091.50 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,44,88,891.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 22,052 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 21,87,496 |

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 11,026 | ശ്രീ.മനോഹരൻ .കെ.കെ, അസി.എഞ്ചിനിയർ(റിട്ട) (പാനൽ എഞ്ചിനീയർ ഇലക്ട്രിക്കൽ) |
| | 11,026 | ശ്രീ.ടി.പി പത്മനാഭൻ , എക്സിക്യൂട്ടീവ് എഞ്ചിനിയർ (റിട്ട) PWDഇലക്ട്രിക്കൽ , കണ്ണൂർ (പാനൽ എഞ്ചിനീയർ ഇലക്ട്രിക്കൽ) |
| | 22,052 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 72,543 | ഷാനവാസ്.എ,സെക്രട്ടറി |
| 1-20 | 3,80,000 | ഡോ.മഞ്ജു.എസ്,<br>വെറ്റിനറി സർജ്ജൻ |
| 1-21 | 6,84,953 | എസ്.പരമേശ്വരൻ നമ്പൂതിരി,<br>അസിസ്റ്റന്റ് സെക്രട്ടറി |
| 1-23 | 10,50,000 | സത്യനാരായണ ശർമ.പി,<br>പ്രധാനാധ്യാപകൻ |
| ആകെ | 21,87,496 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മനോഹരൻ .കെ.കെ, അസി.എഞ്ചിനിയർ(റിട്ട) (പാനൽ എഞ്ചിനീയർ ഇലക്ട്രിക്കൽ) | അസി.എഞ്ചിനിയർ(റിട്ട) (പാനൽ എഞ്ചിനീയർ ഇലക്ട്രിക്കൽ) | ശ്രേയസ്സ്, കോറോത്ത് പുതിയവീട്, ഇരിവേരി.പി.ഒ, കണ്ണൂർ ജില്ല |
| ശ്രീ.ടി.പി പത്മനാഭൻ , എക്സിക്യൂട്ടീവ് എഞ്ചിനിയർ (റിട്ട) PWDഇലക്ട്രിക്കൽ , കണ്ണൂർ<br>(പാനൽ എഞ്ചിനീയർ ഇലക്ട്രിക്കൽ) | എക്സിക്യൂട്ടീവ് എഞ്ചിനിയർ (റിട്ട) PWDഇലക്ട്രിക്കൽ , കണ്ണൂർ<br>(പാനൽ എഞ്ചിനീയർ ഇലക്ട്രിക്കൽ) | ജ്യോതിർ ഗമയ അപ്പാർട്ട്മെന്റ് , അമ്പാടി മുക്ക്, തളാപ്പ്, പള്ളിക്കുന്ന് പി.ഒ, കണ്ണൂർ ജില്ല |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| | ഓഡിറ്റ് വർഷം | ഈ ഓഫീസിൽ നിന്നും ഏറ്റവും അവസാനം പുറപ്പെടുവിച്ച കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|

| | | |
|---|---|---|
| 1992-93 To 1994-95 | എൽ.എഫ്.കെ.എസ്.ഡി4/919/12 തി.16.5.2013 | 7 |
| 1996-97 (Exp) | KSA/KSD. 5/1371/2018 (3) തി.29.6.2019 | 14 |
| 1996-97 (Final) | KSA/KSD. 5/1371/2018 (2) തി.29.6.2019 | 1 |
| 1998-99 (P) | KSA/KSD. 5/1371/2018 (5) തി.29.6.2019 | 1 |
| 1998-99 (Final) | KSA/KSD. 5/1371/2018 (6) തി.29.6.2019 | 1 |
| 1999-2000 (Final) | KSA/KSD. 5/1371/2018 (8) തി.29.6.2019 | 2 |
| 2000-2001 (Plan) | KSA/KSD. 5/1371/2018 (9) തി.29.6.2019 | 1 |
| 2000-2001 (Final) | KSA/KSD.5/1371/2018 (10) തി.29.6.2019 | 3 |
| 2001-02 (Plan) | KSA/KSD. 5/1371/2018 (11) തി.29.6.2019 | 1 |
| 2003-04 | KSA/KSD. 5/1371/2018 (14) തി.29.6.2019 | 1 |
| 2004-05 | KSA/KSD. 5/1371/2018 (15) തി.29.6.2019 | 4 |
| 2005-06 | KSA/KSD. 5/1371/2018 (17) തി.29.6.2019 | 1 |
| 2006-07 | KSA/KSD.5/1371/2018 (18) തി.29.6.2019 | 2 |
| 2008-09 | KSA/KSD. 5/102/2018 (17) തി.22.1.2018 | 2 |
| 2009-10 | KSA/KSD. 5/102/2018 (18) തി.22.1.2018 | 3 |
| 2010-11 | KSA.KSD-4/874/13) Dated 09.10.15 | 8 |
| 2011-12 & 2012-13 | KSA.KSD-9/866/2015 Dated 03.12.2015 | 25 |
| 2013-14 | KSA.KSD-9/513/2016 Dated 09.09.2016 | 14 |
| 2014-15 | KSA/KSD.5/102/2018 (19) തി.22.1.2018 | 17 |
| 2015-16 | KSA.KSD5/1069/2017 Dated 26.03.18 | 17 |
| 2016-2017 | KSA.KSD5/830/2017dated 14.03.18 | 20 |
| 2017-2018 | KSA/KSD. 5/1303/2018 തി.10.12.2018 | 20 |
| 2018-2019 | KSA/KSD. 5/1124/2019 തി.09-12-2019 | 24 |
| 2019-2020 | KSA/KSD.5/161/2022 തിയതി 09-03-2022 | 16 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ),
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ മീഞ്ച ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ മീഞ്ച ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3

31.03.2021 ലെ ബാലൻസ് ഷീറ്റ്

| Balance Sheet as on 31-03-2021 | | | |
|---|---|---|---|
| Code No | Description of items | Schedule No. | Current Year Amount (Rs.) |
| 310000000 | Panchayat (General) Fund | B-1 | 6,438,054.96 |
| 311000000 | Earmarked Funds | B-2 | 0.00 |
| 312000000 | Reserves | B-3 | 47,899,920.00 |
| 320000000 | Grants, Funds and Contributions for specific purposes | B-4 | 14,026,200.00 |
| 330000000 | Secured Loans | B-5 | 15,653,666.00 |
| 331000000 | Unsecured Loans | B-6 | 0.00 |
| 340000000 | Deposits Received | B-7 | 1,082,121.00 |
| 341000000 | Deposit works | B-8 | 0.00 |
| 350000000 | Other Liabilities | B-9 | 4,424,270.45 |
| 360000000 | Provisions | B-10 | 0.00 |
| | Total : | | 89,524,232.41 |
| 410000000 | Fixed Assets | B-11 | 393,655.00 |
| 412000000 | Capital Work-in-Progress | B-11(b) | 3,742,481.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 2,107,690.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 10,283,000.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 51,045,852.00 |
| 416000000 | Accumulated Depreciation | B-11(a) | -21,758,842.00 |
| 420000000 | Investment –General Fund | B-12 | 654,408.00 |
| 421000000 | Sundry Debtors # | B-13 | 0.00 |
| 430000000 | Stock in Hand (Inventories) | B-14 | 0.00 |
| 431000000 | Sundry Debtors (Receivables) | B-15 | 6,243,845.00 |
| 432000000 | Accumulated provision against bad and doubtful (Receivables) | B-15(a) | 0.00 |

| | | | |
|---|---|---|---|
| 440000000 | Pre-paid Expenses | B-16 | 0.00 |
| 450000000 | Cash and Bank Balance | B-17 | 36,248,918.41 |
| 460000000 | Loans, advances and deposits | B-18 | 563,225.00 |
| 461000000 | Accumulated provision against Loans, Advances and Deposits | B-18(a) | 0.00 |
| 470000000 | Other Assets | B-19 | 0.00 |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.00 |
| | Total : | | 89,524,232.41 |

## അനുബന്ധം-4

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Code No | Description of items | Schedule No. | Current Year Amount (Rs.) |
|---|---|---|---|
| 110000000 | Tax Revenue | I-1 | 3,935,696.00 |
| 120000000 | Assigned Revenue & Compensation | I-2 | 0.00 |
| 130000000 | Rental Income from Panchayat Properties | I-3 | 80,796.00 |
| 140000000 | Fees & User Charges | I-4 | 1,183,470.00 |
| 150000000 | Sales & Hire Charges | I-5 | 201,884.00 |
| 160000000 | Revenue Grants, Contributions & Compensation | I-6 | 110,261,042.00 |
| 170000000 | Income from Investments | I-7 | 47,070.00 |
| 171000000 | Interest Earned | I-8 | 812,801.00 |
| 180000000 | Other Income | I-9 | 0.00 |
| A | Total - INCOME | | 116,522,759.00 |
| 210000000 | Establishment Expenses | I-10 | 8,242,916.00 |
| 220000000 | Administrative Expenses | I-11 | 616,814.00 |
| 230000000 | Operations & Maintenance | I-12 | 726,698.00 |
| 240000000 | Interest & Finance Charges | I-13 | 660.00 |
| 250000000 | Decentralised Plan Programme - Productive Sector | I-14 | 8,109,330.00 |
| 251000000 | Decentralised Plan Programme - Service Sector | I-14(A) | 24,799,102.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | I-14(B) | 6,603,494.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | I-14(C) | 17,926,120.00 |
| 254000000 | Expenditure of Transferred Institutions and State Sponsored Schemes | I-14(D) | 44,658,100.00 |
| 255000000 | Maintenance Projects | I-14(E) | 0.00 |
| 256000000 | Other Revenue Grants and | I-14(F) | 0.00 |

| | | | |
|---|---|---|---|
| | Funds - Revenue Expenses | | |
| 260000000 | Grants, Contributions and Compensations from Own Fund | I-15 | 0.00 |
| 270000000 | Provisions & Write off | I-16 | 0.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Invenstments | I-17 | 0.00 |
| 272000000 | Depreciation | I-17(A) | 0.00 |
| 190000000 | Prior Period Income | I-19 | 3,372.00 |
| B | B - Total : EXPENDITURE | | 111,683,234.00 |
| C = A-B | Gross Surplus / (deficit) of income over expenditure before<br><br>Prior Period Items. | | 4,839,525.00 |
| 190000000 | Prior period Income | I-19 | 3,372.00 |
| 290000000 | Prior period Expenses | I-18 | -1,080,214.00 |
| | Net Difference | I-19 - I- 18 | 1,083,586.00 |
| E = C-D | Gross Surplus / (deficit) of income over expenditure after Prior Period Items. | | 3,762,683.00 |
| 290000000 | Transfer to Reverse Funds | | |

## അനുബന്ധം-5
## റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| For the period from 01-04-2020 to 31-03-2021 | | | |
|---|---|---|---|
| Code | Head Account | Schedule No. | Current Year Amount (Rs.) |
| Opening Balance | | | |
| 450000000 | Cash and Bank balance | RP-40(a) | 34,423,717.91 |
| Receipts | | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 604,334.00 |
| 140000000 | Fees & User Charges | RP-4 | 423,942.00 |
| 150000000 | Sale & Hire Charges | RP-5 | 201,884.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 53,149,880.00 |
| 171000000 | Interest Earned | RP-9 | 812,801.00 |
| 190000000 | Prior Period Income | RP-11 | 0.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 5,149,631.50 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-45 | 3,308,589.00 |
| 460000000 | Loans, Advances and Deposits | RP-49 | 50,333.00 |
| Non-Operating | | | |
| 330000000 | Secured Loans | RP-31 | 1,740,000.00 |
| 340000000 | Deposits Received | RP-33 | 584,090.00 |
| 350000000 | Other Liabilities | RP-35 | 288,607.00 |
| | Total : | | 100,737,809.41 |
| Payments | | | |
| Operating | | | |
| 210000000 | Establishment Expenses | RP-12 | 994,850.00 |
| 220000000 | Administrative Expenses | RP-13 | 226,580.00 |
| 230000000 | Operations & Maintenance | RP-14 | 320,999.00 |
| 250000000 | Annual Plan - Revenue Expences (Productive Sector) | RP-16 | 7,056,256.00 |
| 251000000 | Annual Plan - Revenue Expences (Service Sector) | RP-17 | 19,033,535.00 |
| 252000000 | Annual Plan - Revenue Expences (Infrastructure Sector) | RP-18 | 6,603,494.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 931,815.00 |
| 412000000 | Capital Work In Progress | RP-39 | 7,028,264.00 |

For the period from 01-04-2020 to 31-03-2021

| Code | Head Account | Schedule No. | Current Year Amount (Rs.) |
|---|---|---|---|
| 414000000 | Annual Plan - Capital Expences (Service Sector) | RP-41 | 429,994.00 |
| 415000000 | Annual Plan - Capital Expences (Infrastructure | RP-42 | 4,212,542.00 |

| | | | |
|---|---|---|---|
| | Sector) | | |
| 460000000 | Loans, Advances and Deposits | RP-49 | 653,748.00 |
| Non-Operating | | | |
| 340000000 | Deposits Received | RP-33 | 37,635.00 |
| 350000000 | Other Liabilities | RP-35 | 16,660,620.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | RP-40 | 298,559.00 |
| Closing Balance | | | |
| 450000000 | Cash and Bank balance | RP-40(b) | 36,248,918.41 |
| | Total : | | 100,737,809.41 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ശ്രേ),
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.